
CHRISTIAN FOCUS IRA
2018
നവംബർ 5
ക്രിസ്ത്യൻ ഫോക്കസ്
CHRISTIAN FOCUS
A Christian News Magazine
പേജ് 8
വാല്യം 3 ലക്കം 11
കോട്ടയം
News Paper Reg. (RNI) No. KERMAL/2015/68940

# അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ


പി.എസ്. ഫിലിപ്പ്


ടി.ജെ. സാമുവൽ


പ്രഭ റ്റി. തങ്കച്ചൻ


കെ.ജെ. മാത്യു



ജോർജ്ജ് പി. ചാക്കോ

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ജനറൽ കൺവൻഷൻ ജനുവരി 8 മുതൽ 13 വരെ പുനലൂർ എ.ജി കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. 8-ാം തീയതി വൈകിട്ട് 6 മണിക്ക് സഭാ സൂപ്രണ്ട് റവ. ഡോ. പി.എസ്. ഫിലിപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

ചൊവ്വാഴ്ച മുതൽ ശനിയാഴ്ച വരെ വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന പൊതുയോഗങ്ങളിൽ റവ. ഏബ്രഹാം തോമസ് (ചെന്നൈ), റവ. ജോൺസൻ വർഗീസ് (ബാംഗ്ലൂർ), റവ. ജോർജ്ജ് പി. ചാക്കോ, റവ. ഡോ. പി.എസ്. ഫിലിപ്പ്, റവ. ടി.ജെ. സാമുവൽ, ഡോ. ഐസക് ചെറിയാൻ, റവ. പ്രഭ റ്റി. തങ്കച്ചൻ, റവ. കെ.ജെ. മാത്യു, റവ. എബി അയിരൂർ എന്നിവർ വചനപ്രഘോഷണം നടത്തും. തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലായി 53 സെക്ഷനുകളാണ് അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിനുള്ളത്. 1000 സഭകളിൽ നിന്നായി 25000 പേർ കൺവൻഷനിൽ വിവിധ യോഗങ്ങളിൽ സംബന്ധിക്കും.

9,10 തീയതികളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ശുശ്രൂഷക സെമിനാർ, 11 വെള്ളിയാഴ്ച രാവിലെ 9 മുതൽ ഉച്ചക്ക് 12.30 വരെ മിഷൻ സമ്മേളനം, ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ ഓർഡിനേഷൻ ശുശ്രൂഷ, 12ന് രാവിലെ സണ്ടേസ്കൂൾ സമ്മേളനം, ഉച്ചകഴിഞ്ഞ് യുവജന (സി.എ) സമ്മേളനം എന്നിവ നടക്കും. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും മറ്റ് ദൈവദാസന്മാരും വിവിധ യോഗങ്ങളിൽ ശുശ്രൂഷിക്കുന്നതായിരിക്കും. 13 ഞായറാഴ്ച രാവിലെ 9 മണി മുതൽ പൊതുസഭായോഗം ആരംഭിക്കും. സഭാ സൂപ്രണ്ട് റവ. ഡോ. പി.എസ്. ഫിലിപ്പ് സമാപന സന്ദേശം നൽകും. ഏ.ജി. ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. ഡിസ്ട്രിക്ട് ട്രഷറാർ റവ. എ. രാജൻ ചെയർമാനായി വിപുലമായി കമ്മിറ്റി കൺവൻഷൻ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു. 15000 ത്തിലധികം സഭാവിശ്വാസികൾ സംയുക്ത ആരാധനയിൽ സംബന്ധിക്കും.


പാസ്റ്റർ സാം ഇളമ്പൽ, മീഡിയ കൺവീനർ, ഫോൺ: 9037423463



# ലോക സുവിശേഷ പ്രസംഗകൻ ബില്ലി ഗ്രഹാമിന്റെ ജന്മശതാബ്ദി നവംബർ 7-ന്

നൂറ്റാണ്ടിന്റെ ദൈവശബ്ദമായിരുന്ന ലോക പ്രശസ്ത സുവിശേഷ പ്രസംഗകൻ ഡോ. ബില്ലി ഗ്രഹാമിന് നവംബർ 7-നു 100 വയസ്. ധന്യപൂർണ്ണമായ ജീവിതയാത്രയ്ക്കു ഒരു നൂറ്റാണ്ടു തികയാൻ കേവലം 8 മാസം ബാക്കിയുള്ളപ്പോൾ ഈ വർഷം ഫെബ്രുവരി 21-നാണു ബില്ലി ഗ്രഹാം നിത്യഭവനത്തിലേക്കു യാത്രയായത്. ലോകമെങ്ങും കോടിക്കണക്കിനു ജനഹൃദയങ്ങിൽ സുവിശേഷ പ്രകാശം ചൊരിഞ്ഞ, ലോകമെമ്പാടും അനുയായികളുള്ള യു.എസ്. സുവിശേഷ പ്രസംഗകൻ ബില്ലി ഗ്രഹാമിന്റെ ജനനം 1918 നവംബർ 7-നായിരുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നതുപോലെ നാമും പരസ്പരം സ്നേഹിക്കണമെന്ന് ഓർമ്മിപ്പിച്ച് 8 പതിറ്റാണ്ടു നീണ്ട സുവിശേഷ പ്രചരണ ദൗത്യം പൂർത്തിയാക്കി വിടവാങ്ങിയെങ്കിലും ആ ദൈവമനുഷ്യന്റെ വാക്കുകൾ ഇന്നും ലോകം ശ്രവിക്കുന്നു.

ഇന്ത്യ ഉൾപ്പടെ ഒട്ടേറെ രാജ്യങ്ങളിൽ സുവിശേഷയോഗങ്ങളിലൂടെ 22 ലക്ഷം പേർക്കാണ് അദ്ദേഹം പ്രാർത്ഥനയുടെ വെളിച്ചം പകർന്നത്. അദ്ദേഹത്തിന്റെ സ്മരണാർത്ഥം തന്റെ ജീവിതവും പ്രസംഗങ്ങളും അടങ്ങിയ ഡോക്കുമെന്ററി ജന്മശതാബ്ദി ദിനത്തിൽ പ്രകാശനം ചെയ്യും. 'ബില്ലി ഗ്രഹാം: ആൻ എക്സ്ട്രാ ഓർഡിനറി ജേർണി' എന്ന പുതിയ ഡോക്കുമെന്ററിയാണു അദ്ദേഹത്തിന്റെ ജന്മശതാബ്ദി വേളയിൽ ശ്രദ്ധേയമാകുന്നത്. പിതാവിന്റെ പാത പിന്തുടർന്ന് ബില്ലി ഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസോസിയേഷൻ സിഇഒ ആയ മകൻ ഫ്രാങ്ക്ലിൻ മുൻകൈയ്യെടുത്താണ് ഡോക്കുമെന്ററി തയ്യാറാക്കിയത്. പഴയ രേഖാ ശേഖരം പരതി സമാഹരിച്ച അപൂർവ്വ വിവരങ്ങൾ 72 മിനിറ്റു നീണ്ട ചിത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കറുത്തവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയ മാർട്ടിൻ ലൂഥർ കിങ് ജൂനിയറിനെ പിന്തുണച്ചതിനു ഭീഷണിക്കത്ത് കിട്ടിയതിനെക്കുറിച്ചും പരാമർശമുണ്ട്. വിദ്വേഷത്തിനു ഒരു നീതീകരണവുമില്ലെന്നു, കിങ് വധിക്കപ്പെട്ട ദിവസം ഗ്രഹാം പറയുന്ന വീഡിയോ ക്ലിപ്പും കാണാം. പിതാവിന്റെ വേർപാടിൽ മകൻ ഫ്രാങ്ക്ലിൻ ഗ്രഹാം അനുസ്മരിച്ചത് ഇങ്ങനെ: 'സ്വർഗ്ഗത്തെക്കുറിച്ചു പ്രസംഗിച്ച, സ്വർഗ്ഗത്തെക്കുറിച്ചു പുസ്തകങ്ങളെഴുതിയ ബില്ലി ഗ്രഹാം ഇപ്പോൾ സ്വർഗ്ഗത്തിലെത്തിയിരിക്കുന്നു.



# പാസ്റ്റർ ആൻഡ്രു ബ്രൻസൺ ജയിൽ മോചിതനായി

## • വൈറ്റ് ഹൗസിലെത്തി ഡൊണാൾഡ് ട്രംപിനുവേണ്ടി പ്രാർത്ഥിച്ചു

**വാഷിങ്ടൺ:** ടർക്കിയിലെ രണ്ടു വർഷത്തെ ജയിൽ വാസത്തിനുശേഷം മോചിതനായ അമേരിക്കൻ പാസ്റ്റർ ആൻഡ്രു ബ്രൻസൺ യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനുവേണ്ടി പ്രാർത്ഥിച്ചു. ഒക്ടോബർ 13-നു വൈറ്റ് ഹൗസിലെത്തി ട്രംപിനെ സന്ദർശിക്കുന്ന വേളയിലായിരുന്നു പ്രാർത്ഥന. രാജ്യത്തിനുവേണ്ടിയുള്ള പ്രസിഡന്റിന്റെ പദ്ധതികൾ നിവർത്തിക്കുവാൻ വേണ്ട അസാധാരണ ജ്ഞാനവും സത്യത്തിനുവേണ്ടി നിലകൊള്ളുവാനുള്ള ശക്തിയും നൽകി, അപവാദങ്ങളിൽ നിന്നു സംരക്ഷിച്ചും പ്രസിഡന്റ് എന്ന നിലയിൽ രാജ്യത്തിനു ഒരു വലിയ അനുഗ്രഹമാകേണ്ടതിനും ട്രംപിന്റെ ചുമലിൽ കൈവച്ച് പാസ്റ്റർ ആൻഡ്രു പ്രാർത്ഥിച്ചു. തുർക്കി പ്രസിഡന്റ് തയിബ് എർദോഗന്റെ സർക്കാരിനെ അട്ടിമറിക്കാൻ നീക്കം നടത്തി എന്ന തെളിവില്ലാത്ത ആരോപണം ഉന്നയിച്ചാണു 2016-ൽ പാസറ്റർ ആൻഡ്രുവിനെ തുർക്കി ജയിലിൽ അടച്ചത്. തന്റെ ജയിൽ മോചനത്തിനായി ട്രംപ് നിർണ്ണായക ഇടപെടൽ നടത്തിയിരുന്നു. തുർക്കിയുടെമേൽ കടുത്ത സാമ്പത്തിക ഉപരോധം അമേരിക്ക ഏർപ്പെടുത്തിയതിനെ തുടർന്നാണു പാസ്റ്ററുടെ ജയിൽ മോചനം.


പി.സി. ജേക്കബ്

# ഐ.ആർ.എ. വാർഷിക സമ്മേളനവും യുവജന ക്യാമ്പും

**കറുകച്ചാൽ:** ഇന്ത്യാ റിവൈവൽ അസംബ്ലി ദൈവസഭയുടെ 26-ാമത് വാർഷിക സമ്മേളനവും സംയുക്ത ആരാധനയും ഡിസംബർ 29,30 തീയതികളിൽ മണർകാട് ഇല്ലിവളവ് ഐ.ആർ.എ ചർച്ച് ഹാളിൽ നടക്കും. പാസ്റ്റർ പി.സി. ജേക്കബ് (വയനാട്) പ്രസംഗിക്കും. 29-ന് രാവിലെ 9 മണി മുതൽ ഐ.ആർ.എ യുവജന വിഭാഗമായ റിവൈവൽ യൂത്ത് മൂവ്മെന്റ് ജനറൽ ക്യാമ്പും താലന്ത് പരിശോധനയും നടക്കും. വാർഷിക സമ്മേനത്തിന് പാസ്റ്റർമാരായ സാബു എം.ജോസഫ്, ഒ.എം.ജോർജ്, ഷിബു ജോസഫ്, യുവജന ക്യാമ്പിന് പാസ്റ്റർ ജോബ് ചാക്കോ (പ്രസിഡന്റ്), ബ്രദർ സജോമോൻ സാബു (സെക്രട്ടറി) എന്നിവർ നേതൃത്വം നൽകും.

# എ.ജി. സണ്ടേസ്ക്കൂൾ താലന്ത് പരിശോധന

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സണ്ടേസ്ക്കൂൾ താലന്ത് പരിശോധന ഡിസംബർ 8-നു നടക്കും. സൂപ്രണ്ട് റവ.ഡോ. പി.എസ്. ഫിലിപ് ഉദ്ഘാടനം ചെയ്യും. സണ്ടേസ്ക്കൂൾ ഡിസ്ട്രിക്ട് ഡയറക്ടർ സുനിൽ പി. വർഗീസ് അധ്യക്ഷത വഹിക്കും. അറുന്നൂറോളം കുട്ടികൾ മത്സരങ്ങളിൽ പങ്കെടുക്കും. വൈകുന്നേരം നടക്കുന്ന സമാപന സമ്മേളനം പാസ്റ്റർ സജിമോൻ ബേബി (കേരള മിഷൻ ഡയറക്ടർ) ഉദ്ഘാടനം ചെയ്യും. സുനിൽ പി. വർഗീസ്, ബിജു ദാനിയേൽ, ബാബു ജോയി എന്നിവർ നേതൃത്വം നൽകും.

# ഐ.പി.സി. ഗ്ലോബൽ മീഡിയ അവാർഡുകൾ പ്രഖ്യാപിച്ചു.


ഡോ. തോംസൺ കെ. മാത്യു


ഡോ. ബാബു ജോൺ


സണ്ണി കെ ജോൺ


ഷാജി മാറാനാഥ

**കുമ്പനാട്:** ഐ.പി.സി ഗ്ലോബൽ മീഡിയയുടെ 2017ലെ മികച്ച രചനകൾക്കുള്ള അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച പുസ്തകത്തിനുള്ള അവാർഡ് ഡോ.തോംസൺ കെ. മാത്യുവിനും മികച്ച ലേഖനത്തിനുള്ള അവാർഡ് ഡോ. ബാബു ജോൺ വേട്ടമലയ്ക്കും മികച്ച കഥയ്ക്കുള്ള അവാർഡ് പാസ്റ്റർ സണ്ണി കെ ജോണിനും നല്ല ടി.വി. ഷോയ്ക്ക് ഹാർവസ്റ്റ് ടി.വിയിൽ ഷാജി മാറാനാഥയുടെ ന്യൂസ് സ്റ്റോറിക്കും ലഭിച്ചു. 'സ്പിരിച്വൽ ഐഡൻറിറ്റി ആന്റ് സ്പിരിറ്റ് എംപവേർഡ് ലൈഫ്' എന്ന ഗ്രന്ഥത്തിനാണ് ഡോ.തോംസൺ കെ.മാത്യുവിനു അവാർഡ് നേടിക്കൊടുത്ത ഗ്രന്ഥം.

ക്രൈസ്തവ ലോകത്തെ അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനായ ഡോ. തോംസൺ കെ.മാത്യു മാവേലിക്കര സ്വദേശിയും ഓറൽ റോബർട്ട് യൂണിവേഴ്സിറ്റിയുടെ കോളേജ് ഓഫ് തിയോളജി മുൻ ഡീനും പ്രൊഫസർ എമിറേറ്റ്സുമാണ്. ആനുകാലികങ്ങളിൽ ദൈവശാസ്ത്ര വിഷയങ്ങൾ എഴുതാനുള്ള അദ്ദേഹം മികച്ച പ്രഭാഷകനും കൂടിയാണ്.

ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച 'പുതിയ ഭൂമിയും പുതിയ ആകാശവും' എന്ന ലേഖനത്തിനാണ് ഡോ.ബാബു ജോൺ വേട്ടമലയ്ക്ക് മികച്ച ലേഖനത്തിനുള്ള അവാർഡിനു പരിഗണിച്ചത്. അദ്ധ്യാപകനുമായ ഡോ.ബാബു ജോൺ ഹീബ്രു, ഗ്രീക്ക് ഭാഷകളിൽ വിദഗ്ധനാണ്. ബ്രിട്ടനിൽ താമസിച്ച് സഭാപ്രവർനത്തോടൊപ്പം കമ്പനി ഓഫീസനുമായി പ്രവർത്തിക്കുന്നു. ഒട്ടേറെ ചിന്തകളും കൊണ്ട് എഴുത്തുമേഖലയിൽ സജീവമായ ഡോ.ബാബു ജോൺ അറിയപ്പെടുന്ന കൺവൻഷൻ പ്രഭാഷകനുമാണ്.

ഓഖിദുരന്തത്തോടനുബന്ധിച്ച് ദുരിതക്കയത്തിലായ കടലിന്റെ മക്കളെക്കുറിച്ച് ഹാർവസ്റ്റ് ടി.വി.യിൽ പ്രസിദ്ധീകരിച്ച 'തീരം കേഴുന്നു; തിരയെടുത്ത ജീവതമോർത്ത് ' എന്ന ന്യൂസ് സ്റ്റോറി മികച്ച ടി.വി. ഷോയ്ക്കുള്ള അവാർഡിനു അർഹമായി. ക്രൈസ്തവ പത്രപ്രവർത്തന രംഗത്ത് രണ്ട് പതിറ്റാണ്ടുകാലമായി സജീവ സാന്നിദ്ധ്യമായ ഷാജി മാറാനാഥയാണ് ഈ ന്യൂസ് സ്റ്റോറി തയ്യാറാക്കിയിരിക്കുന്നത്. കൊട്ടാരക്കര തൃക്കണ്ണമംഗൽ ഐ.പി.സി സഭാംഗമായ ഷാജി, മാറാനാഥ വോയ്സ് പത്രത്തിന്റെ മാനേജിംഗ് എഡിറ്ററും, ഹാർവസ്റ്റ് ടി.വി.യുടെ എക്സിക്യൂട്ടീവ് എഡിറ്ററുമാണ്. ക്രൈസ്തവ കൈരളിയിലെ പ്രഥമ വാർത്ത ചാനലായ ഹാർവസ്റ്റ് ടി.വി മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പരിപാടികൾ സംപ്രേഷണം ചെയ്തു വരുന്നു.

സ്വർഗീയധ്വനിയിൽ പ്രസിദ്ധീകരിച്ച 'മരമീടന്മാർ' എന്ന കഥയ്ക്കാണ് പാസ്റ്റർ സണ്ണി കെ.ജോണിനു മികച്ച കഥകൾക്കുള്ള അവാർഡ് നേടിക്കൊടുത്തത്. മനുഷ്യ ജീവിതങ്ങളിൽ രൂപാന്തരം വരുത്തുന്ന വരികളാണ് തന്റെ മിക്ക കഥകളുടെയും പ്രമേയം.

രാജസ്ഥാനിൽ ചുരു ജില്ലയിൽ സുജാൽഗഡ് എന്ന സ്ഥലത്ത് കഴിഞ്ഞ എട്ട് വർഷങ്ങളായി സഭാശുശ്രൂഷ ചെയ്യുന്ന കർത്തൃ ദാസനാണ് പാസ്റ്റർ സണ്ണി. ഇന്ത്യൻ ആർമിയിൽ സുബേദാർ ആയിരുന്ന ഇദ്ദേഹം ജോലി രാജിവെച്ച് സുവിശേഷ വേലയ്ക്ക് ഇറങ്ങുകയായിരുന്നു. രാജസ്ഥാനിലെ ദൈവദാസന്മാരെ ഉൾപ്പെടുത്തി രാജസ്ഥാൻ ഗോസ്പൽ മിനിസ്ട്രി രൂപീകരിക്കുകയും ഇതിനകം മൂവായിരത്തോളം ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ ഇദ്ദേഹത്തെയും ടീമിനെയും ജാലോർ ജില്ലയിലെ (രാജസ്ഥാൻ) ഓഡ്വാഡാ ഗ്രാമത്തിൽ വെച്ച് 150ഓളം വരുന്ന സുവിശേഷ വിരോധികൾ ക്രൂരമായി ആക്രമിക്കുകയും ഗുരുതരമായി പലർക്കും പരുക്കേൽക്കുകയും ചെയ്തിരുന്നു. ആനുകാലികങ്ങളിൽ ഈടുറ്റ കഥകളും ലേഖനങ്ങളും എഴുതിവരുന്ന ഇദ്ദേഹം മലബാറിലെ തനതു ഭാഷാശൈലിയിൽ സാഹിത്യരചനകൾ നടത്തുന്ന എഴുത്തുകാരനാണ്.

ജനുവരി 19ന് കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് നടക്കുന്ന ഐ.പി.സി ഗ്ലോബൽ മീഡിയ മീറ്റിനോടനുബന്ധിച്ച് നടക്കുന്ന സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യുമെന്ന് ആക്ടിംഗ് ചെയർമാൻ പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ, ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട്, ട്രഷറാർ ഫിന്നി പി മാത്യു എന്നിവർ പത്രക്കുറിപ്പിലൂടെ അറിയിച്ചു.

■ **ടോണി ഡി. ചെവ്വൂക്കാരൻ**

## ആത്മമാരി

**വയനാട്:** അസംബ്ലീസ് ഓഫ് ഗോഡ് മാനന്തവാടി ടൗൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 16-നു വൈകിട്ട് ആത്മമാരി സുവിശേഷ യോഗവും ആരാധനയും നടക്കും. പാസ്റ്റർ സ്റ്റാൻലി കുമളി ഗാനശുശ്രൂഷ നയിക്കും. ഫോൺ: 8086171811 (പാസ്റ്റർ ജോയി മുളയ്ക്കൽ).

## ഐസിപിഎഫ് വിദ്യാർത്ഥി സമ്മേളനം

**വയനാട്:** ഇന്റർ കോളജിയറ്റ് പ്രെയർ ഫെലോഷിപ് വയനാട് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നവംബർ 20-നു വടുവൻചാൽ എ.ജി. ചർച്ചിൽ ഏകദിന വിദ്യാർത്ഥി സമ്മേളനം നടക്കും. ബ്രദർ സിബി മാത്യു ക്ലാസ്സുകൾ നയിക്കും. റിജോ ബാബു നേതൃത്വം നൽകും.

## പി.പി.എഫ്. ഉപവാസ പ്രാർത്ഥന

**വയനാട്:** സുൽത്താൻ ബത്തേരി പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ് ഉപവാസ പ്രാർത്ഥന ഡിസംബർ 4-ന് അമ്മായിപ്പാലം ബെഥേൽ ഗോസ്പൽ അസംബ്ലി ചർച്ചിൽ നടക്കും. പാസ്റ്റർ സാം തോമസ് അധ്യക്ഷത വഹിക്കുന്ന പ്രാർത്ഥനാ യോഗത്തിൽ പാസ്റ്റർ ജോമോൻ വചനം പ്രസംഗിക്കുകയും പാസ്റ്റർ ഏബ്രഹാം ദാനിയേൽ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകുകയും ചെയ്യും.

## ഹൈദരാബാദ് എ.ജി. സുവിശേഷയോഗം

**ഹൈദരാബാദ്:** ചിന്തൽ എബെനേസർ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 16,17 തീയതികളിൽ സുവിശേഷയോഗം നടക്കും. റവ. എം.ഡി.വി. പ്രകാശ് ഗാരു, റവ. ചാൾസ് എ. ജേക്കബ് ഗാരു എന്നിവർ പ്രസംഗിക്കും. എബെനേസർ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. റവ. സാജു പാപ്പൻ നേതൃത്വം നൽകുന്നു. ഫോൺ: 9849722059.







വചനസന്ദേശം



റവ: മാത്യൂസ് ഇട്ടി ഫ്ളോറിഡ

# സമാഗമന കൂടാരത്തിലെ പലക



**സമാഗമനകൂടാരത്തിലെ ഓരോ ഉപകരണങ്ങളും വസ്തുക്കളും പുതിയ നിയമ ഉപദേശങ്ങൾക്കു നിഴലായി നിൽക്കുന്നു. സമാഗമനകൂടാരത്തിലെ ഓരോ പലകയും ഓരോ വിശ്വാസികൾക്കും നിഴലായി നിലകൊള്ളുന്നു. പലക എല്ലാം ഒരുപോലെ ആയിരിക്കേണം എന്നതുപോലെ സഭയിൽ എല്ലാ വിശ്വാസികളും ഒരുപോലെയത്രെ.**

യിസ്രായേൽ സഭ കൂടിവന്ന് ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി ദൈവത്താൽ വേർതിരിക്കപ്പെട്ട സ്ഥലമായിരുന്നു സമാഗമന കൂടാരം. ഇതിന്റെ ഒന്നാം ഭാഗം പ്രകാരം എന്നറിയപ്പെടുന്നു. വിശുദ്ധ സ്ഥലവും അതിവിശുദ്ധ സ്ഥലുവും ചേർന്ന കൂടാരത്തിന്റെ മുറ്റമാണിത്. രണ്ടാം ഭാഗമായ വിശുദ്ധ സ്ഥലവും മൂന്നാം ഭാഗമായ അതിവശുദ്ധ സ്ഥലവും ചേർന്നുള്ള ഭാഗം തിരുനിവാസം എന്നറിയപ്പെടുന്നു. പ്രാകാരം മറച്ചിരിക്കുന്നത് മറശ്ശീല ഉപയോഗിച്ചാണ്. എന്നാൽ തിരുനിവാസം മറച്ചിരുന്നത് പലകകൾ ഉപയോഗിച്ചും. സമാഗമനകൂടാരത്തിലെ ഓരോ ഉപകരണങ്ങളും വസ്തുക്കളും പുതിയ നിയമ ഉപദേശങ്ങൾക്കു നിഴലായി നിൽക്കുന്നു.

പുറപ്പാട് 26:15 മുതൽ 30 വരെയുള്ള വാക്യങ്ങിൽ കാണുന്നത് തിരുനിവാസത്തിന്റെ മറയായി ഉപയോഗിച്ചിരിക്കുന്ന പലകകളെക്കറിച്ചുള്ള വിശദീകരണമാണ്. 15-ാം വാക്യത്തിൽ തിരുനിവാസത്തിനു ഖദിരമരം കൊണ്ടു നിവരെ നിൽക്കുന്ന പലകകൾ ഉണ്ടാക്കണമെന്നു കാണുന്നു. ഓരോ പലകയും ഓരോ വിശ്വാസികൾക്കും നിഴലായി നിലകൊള്ളുന്നു. ഈ വിശുദ്ധ കൂടാരത്തിനുള്ളിൽ വിലപിടിപ്പുള്ള തങ്കം, വെള്ളി, പൊന്ന്, താമ്രം എന്നീ ലോഹങ്ങളാൽ നിർമ്മിക്കപ്പെട്ട ഉപകരണങ്ങൾ ദർശിക്കുവാൻ സാധിക്കുന്നു. പുറമെ നിന്നു നോക്കിയാൽ യാതൊരു ഭംഗിയും ഇല്ലെങ്കിലും ഇതിന്റെ ഉള്ളിൽ ഇരിക്കുന്നത് വിലയേറിയ വസ്തുക്കളാണ്. ദൈവജനം ലോകദൃഷ്ടിയിൽ ഭോഷന്മാരും ബുദ്ധിയില്ലാത്തവരുമാണ്. യേശുവിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ചവരെ ലോകം ഭോഷന്മാരെന്നെണ്ണി. മത്തായി 2-ാം അദ്ധ്യായത്തിൽ യേശുവിനെ കാണുവാൻ ഇറങ്ങിത്തിരിച്ച ചില വ്യക്തികളെ നമുക്കു കാണാം. പരിശുദ്ധാത്മാവ് ഇവരെ വിശേഷിപ്പിക്കുന്നത് 'വിദ്വാന്മാർ' എന്നത്രെ. ലോകത്തിലെ ഉന്നത പദവിയോ ഡിഗ്രിയോ പണമോ സ്ഥാനമാനങ്ങളോ ഉള്ളവരല്ല; പ്രത്യുത രക്ഷിക്കപ്പെട്ട ദൈവമക്കളാണ് ബുദ്ധിമാന്മാർ.

യിസ്രായേൽ ജനത്തിന്റെ ദീർഘ വർഷങ്ങളിലെ മരുഭൂമിയിലെ യാത്രയ്ക്കു ശേഷം അവർ സ്ഥിരമായി ഒരു കൂടാരം അടിച്ചു. അർത്ഥാൽ ഒരു ദൈവാലയം പണിതു. ദാവീദ് മുഖാന്തിരം ദൈവം കൊടുത്ത പ്ലാൻ പ്രകാരം ശലോമോനാണ് ഇതിന്റെ നിർമ്മാണം നിർവഹിച്ചത്. പഴയ കൂടാരത്തെ അപേക്ഷിച്ച് ഒട്ടു വളരെ വ്യത്യാസങ്ങളും മാറ്റങ്ങളും ഇതിനുണ്ടായിരുന്നു. പക്ഷെ നാൽപ്പതു വർഷക്കാലം മരുഭൂമിയിലൂടെ കെഹാത്യ പുത്രന്മാർ ചുമന്നുകൊണ്ടു നടന്ന ഉപകരണങ്ങൾക്കു മാത്രം യാതൊരു മാറ്റവും വരുത്തിയില്ല. മരുഭൂമിയിലൂടെ കെഹാത്യ പുത്രന്മാരാൽ ചുമക്കപ്പെട്ട ഉപകരണങ്ങൾക്കു വേണ്ടി ഒരു കൂടാരം ശലോമോൻ പണിതതുപോലെ ദൈവദാസന്മാരാൽ വഹിക്കപ്പെടുന്ന തന്റെ ജനത്തിനു വേണ്ടി കർത്താവ് ഒരു നിത്യ കൂടാരം ഒരുക്കുന്നു. നാം ആ കൂടാരത്തിൽ എത്തുവാൻ കാലമായി. ദൈവമക്കൾ വിശുദ്ധ വസ്തുക്കളാണ്. നമ്മുടെ കർത്താവ് നമ്മെ ദിനന്തോറും ചുമക്കുന്നു. 'അവൻ കുഞ്ഞാടുകളെ തോളിലേറ്റുകയും തള്ളയാടുകളെ പതുക്കെ നടത്തുകയും ചെയ്യുന്നു'. വിശുദ്ധ ഉപകരണങ്ങൾ കെഹാത്യ പുത്രന്മാർ തോളിലേറ്റി നടന്നതുപോലെ ദൈവദാസന്മാർ ദൈവജനത്തെ ചുമക്കേണ്ടതാണ്. ഇതൊരു ദൈവീക ശുശ്രൂഷയാണ്. ദൈവീക ശുശ്രൂഷ ഗൗരവമേറിയതാണ്.

തിരുനിവാസത്തിനുപയോഗിക്കുന്ന പലക നിവരെ നിൽക്കുന്നതായിരിക്കണം. 'നിവരെ നിൽക്കുക' എന്നതിന്റെ മൂലഭാഷയിലെ അർത്ഥം 'വിശ്വസ്തരായി നിൽക്കുക' എന്നതാണ്. ദൈവത്തിനാവശ്യം മിടുക്കന്മാരെയല്ല, വിശ്വസ്തന്മാരെയാണ്. ദൈവജനം ദൈവമുമ്പാകെ വിശ്വസ്തരായിരിക്കണം. ഓരോ പലകയ്ക്കും 10 മുഴം നീളവും ഒന്നര മുഴം വീതിയും ഉണ്ടായിരിക്കണം (വാക്യം 16). ചില പലകയ്ക്ക് നീളം അൽപ്പം കൂടുവാനോ ചിലതിന് അൽപ്പം കുറയുവാനോ പാടില്ല. പലക എല്ലാം ഒരുപോലെ ആയിരിക്കേണം. സഭയിൽ എല്ലാ വിശ്വാസികളും ഒരുപോലെയാണ്. 'അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല.' നാം എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ. ദൈവസഭയെ വിഭജിക്കുവാൻ ആരാലും സാധ്യമല്ല. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനം ക്രിസ്തുവിൽ ഒന്നത്രെ.

വളരെയധികം പ്രത്യേകതകളുള്ള വൃക്ഷമാണ് ഖദിരമരം. ഇതു സാധാരണയായി വനത്തിലാണു വളരുന്നത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഖദിരമരം കാണുവാൻ കഴിയും. ഇതിന്റെ ഇലകളിലും തടിയിലും മുള്ളുകൾ നിറഞ്ഞിരിക്കുന്നു. കൂടാതെ അടുത്തുള്ള വൃക്ഷങ്ങളുമായി പിണഞ്ഞു നിൽക്കുന്നതിനാൽ വെട്ടിയെടുക്കുന്നത് ശ്രമകരമായ ഒരു കാര്യമാണ്. ഇക്കാരണത്താൽ ഇത് വെട്ടുന്നതിനു മുമ്പ് വേനൽക്കാലത്ത് ഈ വൃക്ഷത്തിനു തീയിടുന്നു. അങ്ങനെ മുള്ളുകളും ഇലകളും കത്തി നശിക്കും. അതു കഴിഞ്ഞാണ് വെട്ടിയിടുന്നത്. ദൈവജനത്തോടുള്ള ബന്ധത്തിൽ കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ ജീവിതത്തിൽ വന്നിട്ടുള്ള ശോധനകളും പീഢകളും വന്നത് നമ്മിലെ മുള്ളുകളും മറ്റും നശിപ്പിക്കുവാനായിരുന്നു എന്നത് എത്രയോ ആശ്വാസകരമാണ്. കൂടാരത്തിൽ പണി നടത്തിയിരുന്നത് ദൈവത്തിന്റെ പ്ലാൻ അനുസരിച്ചായിരുന്നു. വടക്കും തെക്കും 20 പലക വീതവും പടിഞ്ഞാറ് 8 പലകയും അങ്ങനെ 48 പലകകൾകൊണ്ടാണ് തിരുനിവാസം മറച്ചിരുന്നത്. കിഴക്കുഭാഗം വിവിധതരം നൂലുകളാൽ നിർമ്മിക്കപ്പെട്ട തിരശ്ശീലയാൽ മറച്ചിരിക്കുന്നു. 19,21,25 വാക്യങ്ങളിൽ ഓരോ പലകയ്ക്കും രണ്ടു വെള്ളിച്ചുവടു വീതം കണ്ടായിരിക്കണം എന്നും കാണുന്നു. മരുഭൂമിയിലെ പൊടിമണലിൽ ഉറപ്പുള്ള അടി

ശേഷം 5-ാം പേജിൽ

## വൈപിഇ ജനറൽ ക്യാമ്പ്

**മുളക്കുഴ:** വൈപിഇ ജനറൽ ക്യാമ്പ് ഡിസംബർ 24-26 വരെ മുളക്കുഴ ആർ.എഫ്.കുക്ക് കൺവൻഷൻ സെന്ററിൽ നടക്കും. ഒക്ടോബർ ഏഴിനു മൗണ്ട് സീയോൻ ബൈബിൾ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ആലോചനായോഗത്തിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ് മുഖ്യസന്ദേശം നൽകി. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ എ.റ്റി. ജോസഫ് ക്യാമ്പിന്റെ വിജയത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകി. സ്റ്റേറ്റ് സെക്രട്ടറി മാത്യു ബേബി അധ്യക്ഷത വഹിച്ചു.

വർഷങ്ങൾക്കു ശേഷമാണ് സീയോൻകുന്ന് വൈപിഇ സ്റ്റേറ്റ് ക്യാമ്പിനു വേദിയാകുന്നത്. ഡിസംബർ 24നു രാവിലെ 9.30-5 വരെ സംസ്ഥാന താലന്തുപരിശോധന നടക്കും. ആലോചനായോഗത്തിൽ പാസ്റ്റർമാരായ കെ.വി. സജീവ്, ജോൺസൺ, ബെന്നി ശാമുവേൽ എന്നിവർ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. പാസ്റ്റർ ഡെന്നിസ് വർഗ്ഗീസ് സ്വാഗതം പറഞ്ഞു. പാസ്റ്റർ ഗ്ലാഡ്സൺ ജോൺ സുവനീർ പ്രസിദ്ധീകരണത്തെക്കുറിച്ചു വിശദമാക്കി. ട്രഷറർ ടോം റ്റി. ജോർജ്ജിന്റെയും ജോ. സെക്രട്ടറി പാസ്റ്റർ ബിനു ചെറിയാന്റെയും നേതൃത്വത്തിൽ വിപുലമായ കമ്മറ്റിയെ തെരഞ്ഞെടുത്തു. പാസ്റ്റർമാരായ കെ.എം. ചെറിയാൻ, ഷെർവിൻ വർഗ്ഗീസ്, ബ്രദർ ബിനോ ഏലിയാസ് എന്നിവർ ആശംസാസന്ദേശം നൽകി. പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ഫിന്നി ജോസഫ് കൃതജ്ഞത അറിയിച്ചു.

ടാലന്റ് ടൈം, പ്രെയ്സ് & വർഷിപ്പ്, കൗൺസലിംഗ്, മിഷൻ ചലഞ്ച്, കാത്തിരിപ്പുയോഗം, ഡിബേറ്റ്, ഗോസ്പൽ റാലി, കിഡ്സ്-യൂത്ത് - ഫാമിലി സെക്ഷനുകൾ, ന്യൂക്ലിയർ ഡിസ്കഷൻ, പരസ്യയോഗം തുടങ്ങിയവയും വൈകിട്ട് പൊതുയോഗവും ഉണ്ടായിരിക്കും. കഴിഞ്ഞ വർഷങ്ങളേക്കാൾ പുതുമകളോടെയാണ് ക്യാമ്പ്. എല്ലാവരുടേയും പ്രാർത്ഥന വൈപിഇ സ്റ്റേറ്റ് ബോർഡ് അഭ്യർത്ഥിക്കുന്നു.

## ടാലന്റ് ടെസ്റ്റ്

കൂവൈറ്റ്: സ്നേഹദീപം മാസികയുടെ ആഭിമുഖ്യത്തിൽ കൂവൈറ്റിലുള്ള എല്ലാ സഭകളെയും പങ്കെടിപ്പിച്ചു കൊണ്ട് എല്ലാ വർഷവും തടത്തുന്ന താലന്ത് പരിശോധന നവംബർ 22-ന് അബ്ബാസിയ ഇന്ത്യൻ സെൻട്രൽ സ്കൂളിൽ നടക്കും. സീനിയർ, ഇന്റർമീഡിയറ്റ്, ജൂണിയർ, സബ് ജൂണിയർ, ബിഗിനേഴ്സ് എന്നീ വിഭാഗങ്ങൾക്കായി മത്സരങ്ങൾ നടത്തപ്പെടും. ഗ്രൂപ്പ്സോങ്, ഗ്രൂപ്പ് ബൈബിൾ ക്വിസ്, ഇൻസ്ട്രുമെന്റൽ മ്യൂസിക്, ലൈറ്റ് മ്യൂസിക്, ക്ലാസിക്കൽ സോങ്, പ്രസംഗം, ഉപന്യാസം, സ്റ്റോറി റ്റെല്ലിംഗ്, ഡ്രോയിങ് എന്നിവയാണ് മത്സര ഇനങ്ങൾ. മത്സരാനന്തരം നടക്കുന്ന വാർഷിക സമ്മേളനത്തിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യും.

# ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ



സി.സി.തോമസ്



വൈ.റെജി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് 96-ാമത് ജനറൽ കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. 2019 ജനുവരി 21 മുതൽ 27 വരെ സഭയുടെ തിരുവല്ലയിലുള്ള സ്റ്റേഡിയത്തിലാണു കൺവൻഷൻ നടക്കുന്നത്. സ്റ്റേറ്റ് ഓവർസീയർ റവ.സി.സി. തോമസ് ഉദ്ഘാടനം ചെയ്യും. ജനറൽ കൺവൻഷന്റെ ആദ്യ ആലോചനാ യോഗം ഒക്ടോബർ 2-നു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ.റെജിയുടെ അദ്ധ്യക്ഷതയിൽ മുളക്കുഴയിൽ നടന്നു. പാസ്റ്റർമാരായ തോമസുകുട്ടി ഏബ്രഹാം, ബാബു ചെറിയാൻ, വി.പി.തോമസ് എന്നിവർ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. വൈ.പി.ഇ.,സണ്ടേസ്ക്കൾ, എൽ.എം. സമ്മേളനം, ബൈബിൾ സ്ക്കൂൾ ഗ്രാജുവേഷൻ, മിഷൻ സമ്മേളനങ്ങൾ, പാസ്റ്റേഴ്സ് കോൺഫറൻസ് തുടങ്ങി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രോഗ്രാമുകളും ഉണ്ടായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള അനേക ദൈവദാസന്മാർ കൺവൻഷന്റെ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും. സ്റ്റേറ്റ് ഓവർസീയർ റവ.സി.സി. തോമസ് ജനറൽ കൺവീനറായുള്ള കൺവൻഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങൾ നടത്തിവരുന്നു.

# ഇ.പി.പി.എഫ് ലോഗോസ് ഫെസ്റ്റ്

**കോട്ടയം:** എംപ്ലോയീസ് ആൻറ് പ്രൊഫഷണൽസ് പ്രെയർ ഫെലോഷിപ്പിന്റെ 26-ാമത് സംസ്ഥാന വാർഷികം 'ലോഗോസ് ഫെസ്റ്റ്' കോട്ടയം മാർത്തോമ്മാ സെമിനാരി ഹയർ സെക്കൻഡറി സ്ക്കൂൾ ഓഡിറ്റോറിയത്തിൽ നവംബർ 6-നു നടക്കും. ഇമ്മാനുവേൽ മിഷൻ ഇന്റർനാഷനൽ പ്രസിഡന്റ് ഡോ. സാമുവേൽ തോമസ് (കോട്ട-രാജസ്ഥാൻ), മിഷൻസ് ഇന്ത്യാ ജനറൽ സെക്രട്ടറി ജോർജ് ചെറിയാൻ എന്നിവർ പ്രസംഗിക്കും. ഇപിപിഎഫ് ഓണററി പ്രസിഡന്റ് റവ. മാത്യു സ്കറിയയുടെ അദ്ധ്യക്ഷതയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പൊലീസ് ജി.സ്പർജൻ കുമാർ ഉദ്ഘാടനം ചെയ്യും. മാത്യു ജോണും ഇപിപിഎഫ് കയറും ഗാനങ്ങളാലപിക്കും. ജനറൽ സെക്രട്ടറി ഇവാ. എം.സി. കുര്യൻ, ട്രഷറർ പി.വി.വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകും.




# ക്രിസ്തീയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കേണ്ടത് സഭയും സമൂഹവും : പാസ്റ്റർ പി.ജി. മാത്യൂസ്

**തിരുവല്ല:** എഴുത്ത് ദൈവത്തിന്റെ വരദാനമാണെന്നും, ദൈവകൃപയില്ലാതെ ആർക്കും ആശയവിനിമയം സാധ്യമല്ലെന്നും പാസ്റ്റർ പി.ജി. മാത്യൂസ് പ്രസ്താവിച്ചു. ഒക്ടോബർ ആറിനു ചർച്ച് ഓഫ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യ ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എഴുത്തുകാർ നിർവ്വഹിക്കുന്നതു സമൂഹത്തോടുള്ള പ്രതിബദ്ധതയാകയാൽ ദൈവ സന്ദേശം എഴുതുന്ന ക്രൈസ്തവ എഴുത്തുകാരെ സഭയും സമൂഹവും പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ചർച്ച് ഓഫ് ഗോഡ് കുമ്പനാട് ബഥേൽ ഹാളിൽ നടന്ന സമ്മേളനത്തിനു റൈറ്റേഴ്സ് ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ. ജോസഫ് അധ്യക്ഷത വഹിച്ചു. ആക്ടിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ പി.പി. കുര്യൻ സ്വാഗതപ്രസംഗം നടത്തി. പാസ്റ്റർമാരായ ശാമുവേൽ ഫിലിപ്പ്, എസ്. ജോസ് എന്നിവർ പ്രാർത്ഥിച്ചു. പാസ്റ്റർ ജോൺ ഫിലിപ്പ് ഏഴംകുളം, റജീന ഫിലിപ്പ് എന്നിവർ ആശംസ അറിയിച്ചു. ക്ലാസ്സുകൾക്ക് പാസ്റ്റർ സുഭാഷ് ആനാരി, ഷാജി ഇടുക്കി എന്നിവർ അധ്യക്ഷത വഹിച്ചു. പാസ്റ്റർ വി.പി. ഫിലിപ്പും മുകേഷ് വാര്യരും ക്ലാസ് നയിച്ചു. ചർച്ചകൾക്ക് പാസ്റ്റർ ജെയ്മോഹൻ അതിരുങ്കൽ, ഷൈജു തോമസ് ഞാറയ്ക്കൽ എന്നിവർ മോഡറേറ്ററായിരുന്നു. പാസ്റ്റർ ബിജു ജോയി കൃതജ്ഞത അറിയിച്ചു. റൈറ്റേഴ്സ് ഫെലോഷിപ്പ് ട്രഷറർ പാസ്റ്റർ ഡോ. ഷിബു കെ മാത്യുവിന്റെ പ്രാർത്ഥനയോടെ സമാപിച്ചു.

# ചെറുവക്കൽ കൺവൻഷൻ

**ചെറുവക്കൽ:** ഐ.പി.സി. വേങ്ങൂർ സെന്ററിന്റെയും ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും കിളിമാനൂർ ഏരിയായുടെയും നേതൃത്വത്തിൽ നടക്കുന്ന ചെറുവക്കൽ കൺവൻഷൻ ഡിസംബർ 23 മുതൽ 30 വരെ ചെറുവക്കൽ ന്യൂ ലൈഫ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും. വേങ്ങൂർ സെന്റർ പ്രസിഡന്റ് റവ. ഡോ.ജോൺസൺ ഡാനിയേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റെജി ശാസ്താംകോട്ട, അജി ആന്റണി, ജോൺസൺ മേമന, പ്രിൻസ് തോമസ്, വർഗ്ഗീസ് എബ്രഹാം, ബാബു ചെറിയാൻ, കെ.എ. എബ്രഹാം, വി.ജെ. തോമസ് എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കുകയും ന്യൂ ലൈഫ് സിംഗേഴ്സ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുകയും ചെയ്യും. എല്ലാ ദിവസവും രാവിലെ 9-നും ഉച്ചയ്ക്ക് 2-നും ഉണർവ്വ് യോഗവും വ്യാഴാഴ്ച 2-ന് സോദരീ സമാജം വാർഷികം, വെള്ളിയാഴ്ച ഉച്ചയ്ക്ക് 2-ന് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി പൂർവ്വവിദ്യാർത്ഥി സമ്മേളനം, ശനിയാഴ്ച 8.30-ന് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ 80 വൈദിക വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനം എന്നിവ നടക്കും. ബിരുദദാന സമ്മേളനത്തിൽ റവ.ഡോ. ഐസക്ക് ചെറിയാൻ (എ.ജി. വേൾഡ് മിഷൻസ് സ്പ്രിംഗ്ഫീൽഡ്, യു.എസ്.എ.) അനുഗ്രഹ പ്രഭാഷണം നടത്തും. 2 മണിക്ക് പി.വൈ.പി.എ-സണ്ടേസ്ക്കൂൾ വാർഷികം. ബൈബിൾ കോളേജ് ഗ്രാഡുവേഷനോടനുബന്ധിച്ച് 100 സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന സഹായം, ക്യാൻസർ രോഗ സഹായ വിതരണം, തയ്യൽ മിഷൻ സഹായ വിതരണം എന്നിവ നടത്തപ്പെടും. സാമൂഹിക രാഷ്ട്രീയ, സഭാ നേതാക്കന്മാർ ഈ സമ്മേളന്നത്തിൽ പങ്കെടുക്കും. ഞായറാഴ്ച രാവിലെ 8.30 മുതൽ 80 സഭകളുടെ സംയുക്ത ആരാധനയിൽ പാസ്റ്റർ ജോൺ റിച്ചാർഡ് കർത്തൃമേശ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. രാത്രി യോഗങ്ങൾക്ക് ശേഷം വിവിധ സ്ഥലങ്ങളിലേക്ക് ബസ്സ് സർവ്വീസ് ഉണ്ടായിരിക്കുന്നതാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ധാരാളം വിശ്വാസികൾ ഈ കൺവൻഷനിൽ സംബന്ധിക്കുന്നതിനാൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് സെക്രട്ടറി പാസ്റ്റർ ജിനു ജോൺ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ജോൺസൺ എ., ബ്രദർ സാംസ് ഡാനിയേൽ, എന്നിവർ അറിയിച്ചു. ഫോൺ നമ്പർ: 8075508938, 7902674034. തൽസമയ സംപ്രേഷണം: www.vsquare tv.com




ജോൺ തോമസ്


റ്റി.പി. ഏബ്രഹാം


ഏബ്രഹാം ജോസഫ്


പി.എം. ജോൺ

# ശാരോൻ ഫെലോഷിപ് ചർച്ച് ഭാരവാഹികൾ

## പാസ്റ്റർ ജോൺ തോമസ് വീണ്ടും പ്രസിഡന്റ്

**തിരുവല്ല:** ശാരോൻ ഫെലോഷിപ് ചർച്ചിന്റെ അടുത്ത ടേമിലേക്കുള്ള കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുത്തു. ഒക്ടോബർ 9-നു തിരുവല്ല ശാരോനിൽ ചേർന്ന ജനറൽ ബോഡി യോഗത്തിൽ പാസ്റ്റർ ജോൺ തോമസിനെ സഭയുടെ പ്രസിഡന്റായും അഡ്വൈസറി കൗൺസിൽ ചെയർമാനായി ഡോ. റ്റി.പി. ഏബ്രഹാമിനെയും തിരഞ്ഞെടുത്തു. പാസ്റ്റർമാരായ പി.എം.ജോൺ (ആക്ടിംഗ് പ്രസിഡന്റ്), ഫിന്നി ജേക്കബ് (വൈസ് പ്രസിഡന്റ്), ഏബ്രഹാം ജോസഫ് (മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി), ജോൺസൺ കെ. സാമുവേൽ (മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി), ജോയി സി. ദാനിയേൽ (ട്രഷറർ), ബ്രദർ റ്റി.ഒ.പൊടിക്കുഞ്ഞ് (ഓഫീസ് സെക്രട്ടറി), പാസ്റ്റർ ജോൺ വർഗീസ്, പാസ്റ്റർ ജേക്കബ് ജോർജ് കെ. (സെക്രട്ടറിമാർ, മാനേജിംഗ് കൗൺസിൽ), പാസ്റ്റർ കെ.റ്റി തോമസ്, പാസ്റ്റർ പി.വി. ജേക്കബ് (സെക്രട്ടറിമാർ, മിനിസ്റ്റേഴ്സ് കൗൺസിൽ), ഏബ്രഹാം വർഗീസ് (ജോ.സെക്രട്ടറി), ഏബ്രഹാം ഉമ്മൻ, കുഞ്ഞച്ചൻ വർഗീസ് (ലീഗൽ അഫയേഴ്സ്) എന്നിവരാണ് മാനേജിംഗ് കൗൺസിലിലെ മറ്റു ഭാരവാഹികൾ. പാസ്റ്റർമാരായ കെ.ജെ.ഫിലിപ്, ജോൺ വി.ജേക്കബ്, ബോസ് എം.കുരുവിള, തോമസ് യോഹന്നാൻ കെ.ഡേവിഡ്, ഏബ്രഹാം ദാനിയേൽ, ഒ.ജോയിക്കുട്ടി, ജോസ് ജോസഫ്, എം.ഡി. സാമുവേൽ എന്നിവർ കൗൺസിൽ അംഗങ്ങളാണ്.

എം.കെ. കുര്യൻ പ്രത്യേക ക്ഷണിതാവായിരിക്കും. ഭരണ സമിതിയിലുള്ള പാസ്റ്റർമാരെക്കൂടാതെ എല്ലാ റീജിയൻ, സെന്റർ ശുശ്രൂഷകന്മാരും ഉൾപ്പെട്ടതാണ് മിനിസ്റ്റേഴ്സ് കൗൺസിൽ. ഡോ. റ്റി.പി ഏബ്രഹാമിനെ കൂടാതെ പാസ്റ്റർ പി.ജി. ജേക്കബ്, പാസ്റ്റർ റ്റി.ജി. ജോർജ്കുട്ടി, അഡ്വ. ദിലീപ് മത്തായി ജെയിംസ് ജോൺ, കെ.ഇ.ജോർജ്കുട്ടി എന്നിവരാണ് അഡ്വൈസറി കൗൺസിൽ അംഗങ്ങൾ.

# പാസ്റ്ററുടെ മകൻ സമാധാന നോബേൽ സമ്മാന ജേതാവ്



2018ലെ സമാധാനത്തിനുള്ള നോബേൽ സമ്മാനം നേടിയ ഡോ. ഡെന്നീസ് മുക്വേഗ് ഒരു പെന്തെക്കോസ്ത് സഭാ പാസ്റ്ററുടെ മകനാണെന്നതിൽ ക്രിസ്തീയ വിശ്വാസികൾക്ക് വിശേഷാൽ പെന്തെക്കോസ്തുകാർക്ക് അഭിമാനമാണ്. ക്രിസ്തീയവിശ്വാസത്തിന്റെ ശ്രദ്ധേയമായ സാക്ഷ്യത്തിനു ഉടമയാണ് ഡെന്നീസ്. "ഡോ. മിറക്കിൾ" എന്നാണ് അദ്ദേഹത്തിന് നാട്ടുകാർ നൽകിയിരിക്കുന്ന വിളിപ്പേര്. കോംഗോയിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ അവസാനിപ്പിക്കാൻ മുൻകൈ എടുത്ത് പ്രവർത്തിച്ചു എന്നതാണ് അദ്ദേഹത്തെ തിരഞ്ഞെടുക്കാൻ മുഖ്യകാരണമായി പറഞ്ഞത്. രണ്ടു ദശാബ്ദമായി പതിനായിരക്കണക്കിനു സ്ത്രീകളെ ചികിത്സിച്ച ഗൈനക്കോളജിസ്റ്റാണ് ഡോ. ഡെന്നീസ്. ഇതിൽ ഭൂരിഭാഗവും തീവ്രവാദികളാൽ കൂട്ടമാനഭംഗത്തിനിരയാവുന്ന സ്ത്രീകളാണ്. ഈ ഫീൽഡിൽ ഡോ. ഡോ. മുക്വെഗിന്റെ സഹിഷ്ണുത, അർപ്പണബോധം, നിസഹായ പ്രയത്നങ്ങളുടെ പ്രാധാന്യം എന്നവയാണ് അദ്ദേഹത്തെ അവാർഡിന് അർഹനാക്കിയത്.

കോംഗോയിലെ പെന്തെക്കോസ്ത് സഭയിലെ ഒരു പാസ്റ്ററുടെ മകനാണു ഡോ. ഡെന്നീസ്. തന്റെ പിതാവ് രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അവരെ സഹായിക്കുന്നതും കണ്ടു വളർന്ന താൻ മെഡിസിൻ തന്റെ പ്രവർത്തന മേഖലയായി തിരഞ്ഞെടുക്കുകയായിരുന്നു എന്നും അദ്ദേഹം പറഞ്ഞു. 63 വയസ്സുകാരനായ ഡോ. ഡെന്നീസ് പറയുന്നത് താൻ അറിഞ്ഞ, അനുഭവിച്ച ക്രിസ്തീയ വിശ്വാസം തന്നെ ഈ മേഖലയിൽ കഷ്ടവും പീഡനങ്ങളും അനുഭവിക്കുന്നവർക്കുവേണ്ടി ജീവിക്കാൻ പ്രേരിപ്പിച്ചത് എന്നും പറഞ്ഞു.


ജോയി പുന്നൂസ്


എം.എസ്. ശാമുവേൽ


പി.എസ്. ഫിലിപ്


ഫ്രെഡി തോമസ്

# നവാപൂർ കൺവൻഷൻ

**നവാപൂർ:** മധ്യഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ ഫിലദെൽഫിയ ഫെലോഷിപ് ചർച്ച് ഓഫ് ഇന്ത്യയുടെ 38-ാമത് കൺവൻഷൻ നവംബർ 13 മുതൽ 18 വരെ മഹാരാഷ്ട്രയിലെ നവാപൂരിനു സമീപമുള്ള കരഞ്ചികുർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. ജനറൽ ഓവർസീയർ റവ.ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഫ്രെഡി തോമസ് (യു.എസ്.എ), പി.എസ്. ഫിലിപ് (എ.ജി. മലയാളം ഡിസ്ട്രക്ട് സൂപ്രണ്ട്), എം.എസ്. ശാമുവേൽ (യു.എസ്.എ), ഡോ. ഫിന്നി ഫിലിപ്, ഡോ. പോൾ മാത്യു, സിസ്റ്റർ മേരി തോമസ് തുടങ്ങിയവർ പ്രസംഗിക്കും. ഫിലദെൽഫിയ സഭാ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. ശുശ്രൂഷക സമ്മേളനം, ഫിലദെൽഫിയ ബൈബിൾ കോളജ് ബിരുദദാനം, മെഡിക്കൽ ക്യാമ്പ് എന്നിവയും കൺവൻഷനോടനുബന്ധിച്ചു നടക്കും. മരുഭൂമിയുടെ അപ്പൊസ്തലനായിരുന്ന ഡോ.തോമസ് മാത്യു തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്നര പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പതിനായിരത്തിലധികം വിശ്വാസികൾ പങ്കെടുക്കും. വിവരങ്ങൾക്ക്: ജനറൽ സെക്രട്ടറി പാസ്റ്റർ കെ.ഒ.വർഗീസ്-094 14105098, കോ-ഓർഡിനേറ്റർ റെജി തോമസ്-09829666869.


## സമാഗമന കൂടാരത്തിലെ പലക 3-ാം പേജിൽനിന്നും തുടർച്ച

സ്ഥാനമായും വലിയ കാറ്റുകളിൽ മറിഞ്ഞു പോകാതിരിക്കുവാനുമായിരുന്നു ഈ വെള്ളിച്ചുവട്. ഈ വെള്ളി യിസ്രായേൽ മക്കളുടെ വീണ്ടെടുപ്പ് വിലയായ അര ശേക്കെൽ വെള്ളിയായിരുന്നു. പ്രശ്ന സങ്കീർണ്ണമായ അവസരങ്ങളിൽ ജീവിതത്തിൽ കാറ്റും കോളും ആഞ്ഞടിക്കുമ്പോൾ നാം ദൈവകൃപയിൽ നിലനിൽക്കുന്നവരായിരിക്കണം. 26,27 വാക്യങ്ങളിൽ പലകകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 5 അന്താഴങ്ങൾ കാണാം. ഈ അന്താഴങ്ങൾ പലകകളെ സംരക്ഷിക്കുവാനും അവയെ ഒന്നായി ചേർത്തു നിർത്തുവാനുമുള്ളതായിരുന്നു. വെള്ളിച്ചുവടിൽ നിലനിന്നാൽ മാത്രം പോര പലകകൾ തമ്മിൽ ഒരു ബന്ധം വേണം. അന്താഴങ്ങൾ ഈ ലക്ഷ്യത്തോടുകൂടി ഉണ്ടാക്കപ്പെട്ടവയാണ്. ഇത് എഫെസ്യർ 4:11-ൽ കാണുന്ന 5 വിധ ശുശ്രൂഷകരെ കാണിക്കുന്നു. ദൈവസഭയിലുള്ളത് കൂട്ടായ ശുശ്രൂഷയാണ്. ശുശ്രൂഷകന്മാർ വിശ്വാസികളെ സംരക്ഷണ ചെയ്യുവാനും ഒന്നിച്ചു നിർത്തുവാനും കടപ്പെട്ടവരാകുന്നു. ഈ ലക്ഷ്യത്തോടുകൂടി സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന ദാനങ്ങളാണ് കൃപാവരങ്ങൾ. നിർഭാഗ്യകരമെന്നു പറയട്ടെ, പലരും ഇത് സ്വന്തം സഭയിൽ പ്രയോജനപ്പെടുത്തുന്നില്ല. ദൈവം കൃപാവരങ്ങൾ നൽകിയിരിക്കുന്നത് പ്രാദേശിക സഭയുടെ പ്രയോജനത്തിനാണ്, പൊതുസഭയ്ക്കല്ല. കൂടാതെ പലകകൾ ഓരോന്നും പൊന്നുകൊണ്ട് പൊതിഞ്ഞിരിക്കുന്നു. എത്ര ശ്രമിച്ചാലും മിനുസപ്പെടുത്തുവാൻ കഴിയാത്തവിധം ഇരുവശങ്ങളിലേക്കും ആര് എഴുന്ന് നിൽക്കുന്നതിനാൽ ഇത് പൊന്നു പൊതിയുവാൻ ദൈവം പറഞ്ഞു. നമ്മിലുള്ള പ്രാകൃത സ്വഭാവം ലോകം ദർശിക്കാതിരിക്കുവാൻ ദൈവകൃപകൊണ്ടു നമ്മെ പൊതിഞ്ഞിരിക്കുന്നത് എത്രയോ ഭാഗ്യമേറിയ പദവിയാണ്! ■




# എ.ജി. ദക്ഷിണ മേഖലാ കൺവൻഷൻ

**തിരുവനന്തപുരം:** അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ദക്ഷിണ മേഖലാ കൺവൻഷൻ നവംബർ 29 മുതൽ ഡിസംബർ 2 വരെ ബാലരാമപുരം പനയറക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഒഡിറ്റോറിയത്തോടു ചേർന്നുള്ള മൈതാനത്ത് നടക്കും. എ.ജി ദക്ഷിണ മേഖല ഡയറക്ടർ പാസ്റ്റർ കെ.വൈ. വിൽഫ്രഡ് രാജ് ഉദ്ഘാടനം ചെയ്യും. റവ.ഡോ. പി. എസ്.ഫിലിപ്, പാസ്റ്റർമാരായ വർഗീസ് ഏബ്രഹാം (രാജു മേത്ര), റെജി ശാസ്താംകോട്ട, ഷാജി യോഹന്നാൻ, ടി.വി. പൗലോസ്, എ.രാജൻ, സുഭാഷ് കുമരകം, ഡി.ജോയി, പി.കെ. യേശുദാസ്, എ.ടി. തങ്കച്ചൻ, സാബു കുമാർ തുടങ്ങിയവർ പ്രസംഗിക്കും. പാസ്റ്റർ സാം റോബിൻസൺ നയിക്കുന്ന ഹിൽടോപ് വർഷിപ് ബാന്റ് ഗാന ശുശ്രൂഷ നിർവഹിക്കും. പാസ്റ്റേഴ്സ് ഫാമിലി മീറ്റിംഗ്, ധ്യാനയോഗം, പുത്രികാ സംഘടനാ സമ്മേളനങ്ങൾ തുടങ്ങിയവയും കൺവൻഷനോടനുബന്ധിച്ചു നടക്കും.


ഏബഹാം മാത്യു


എം.റ്റി. തോമസ്


ജി.ജെയം

## പാസ്റ്റർ ഏബ്രഹാം മാത്യു ടി.പി.എം. ചീഫ് പാസ്റ്റർ

**ചെന്നൈ:** ദ് പെന്തക്കോസ്ത് മിഷൻ സഭയുടെ പരമാധ്യക്ഷനായി പാസ്റ്റർ ഏബഹാം മാത്യു നിയമിതനായി. പാസ്റ്റർ എം.റ്റി. തോമസ് ഡെപ്യൂട്ടി ചീഫ് പാസ്റ്ററായും തിരഞ്ഞെടുക്കപ്പെട്ടു. അസിസ്റ്റന്റ് ഡെപ്യൂട്ടി ചീഫ് പാസ്റ്ററായി ജി.ജെയം തുടരും. നിത്യതയിൽ ചേർക്കപ്പെട്ട ചീഫ് പാസ്റ്റർ എൻ. സ്റ്റീഫന്റെ ഒഴിവിലേക്കാണു പാസ്റ്റർ ഏബ്രഹാം മാത്യു നിയമിതനായത്. ചെന്നൈ ഇരുമ്പല്ലിയൂർ സഭാ ആസ്ഥാനത്ത് പാസ്റ്റർ എൻ.സ്റ്റീഫന്റെ സംസ്കാര ശുശ്രൂഷകൾക്കിടയിലാണു ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്.

## ദി ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

**മാവേലിക്കര:** ദി ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ഡിസംബർ 26–30 വരെ കല്ലുമല ഐഇഎം ഗ്രൗണ്ടിൽ നടക്കും. സഭാപ്രസിഡന്റ് പാസ്റ്റർ ജോയി ചാണ്ടി ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ.എസ്. ഏബ്രഹാം, വർഗ്ഗീസ് ജോഷ്വാ, ഫിലിപ്പ് പി. തോമസ്, രാജേഷ് ഏലപ്പാറ എന്നിവർ പ്രസംഗിക്കും. കൺവൻഷനോടനുബന്ധിച്ച് പകൽ ബൈബിൾ ക്ലാസ്, പൊതുയോഗം, കാത്തിരിപ്പുയോഗം തുടങ്ങിയവ ഉണ്ടായിരിക്കും. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് യുവജനസമ്മേളനവും ശനിയാഴ്ച ഉച്ചകഴിഞ്ഞ് സഹോദരിസമ്മേളനവും ഉണ്ടായിരിക്കും. ഞായറാഴ്ച രാവിലെ സഭയുടെ സംയുക്തസഭായോഗം നടക്കും.




# ദൈവീക ശുശ്രൂഷയിൽ സ്ത്രീയും പുരുഷനും എന്ന വ്യത്യാസം ഇല്ല:

## ▪ പാസ്റ്റർ തോമസ് ഫിലിപ്പ്

**പായിപ്പാട്:** സഹോദരിമാർക്ക് ദൈവീക ശുശ്രൂഷയിൽ വലിയ പങ്കുണ്ടെന്നും ശുശ്രൂഷ നൽകുന്നത് ദൈവമാണെന്നും ദൈവീകശുശ്രൂഷയിൽ സ്ത്രീയും പുരുഷനും എന്ന വ്യത്യാസം ഇല്ലെന്നും പുതിയ നിയമ സഭയുടെ പ്രാരംഭം മുതൽ സ്ത്രീകൾ ദൈവവേലയിൽ ശുഷ്ക്കാന്തിയോടെ പ്രവർത്തിച്ചിരുന്നെന്നും ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് പ്രസ്താവിച്ചു.

ന്യൂ ഇന്ത്യാ വിമൻസ് ഫെലോഷിപ്പിന്റെ ചുമതലയിൽ ഒക്ടോബർ ആറിനു ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി ചാപ്പലിൽ നടന്ന നേതൃത്വസെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ത്രീകൾ സഹിഷ്ണതയുടേയും സഹനത്തിന്റെയും പ്രതീകങ്ങളാണ്. ദൈവം ശക്തിയോടെ ഉപയോഗിച്ചിട്ടുള്ള എല്ലാ ശ്രേഷ്ഠരായ ദൈവദാസന്മാരുടെ പിന്നിലും ത്യാഗമനോഭാവത്തോടുംകൂടി ആവലാതികളും പിറുപിറുപ്പും ഇല്ലാതെ നിന്ന അനേകം സഹോദരിമാരുടെ പ്രോത്സാഹനം എടുത്തു പറയത്തക്കതാണെന്നും പറഞ്ഞു.

ജയിനി മറിയം ജെയിംസ് മുഖ്യ പ്രഭാഷണം നടത്തി. സഹോദരിമാരായ ഗ്ലോറി കുരുവിള, രമണി യോഹന്നാൻ എന്നിവർ ലഘുസന്ദേശം നൽകി. മേഴ്സി തോമസ്, ലിസമ്മ രാജേഷ്, ലില്ലിക്കുട്ടി മാത്യു എന്നിവർ നേതൃത്വം നൽകി.


റവ. തോമസ് ഫിലിപ്


വർഗീസ് ഏബ്രഹാം


പി.ജെ. ജീവൻസ്


ഷീലാദാസ്

# കൺവൻഷൻ

**വെണ്ണിക്കുളം:** യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ് വാളക്കുഴി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നവംബർ 13 മുതൽ 17 വരെ വെണ്ണിക്കുളം തെള്ളിയൂർ പാറക്കടവ് പോസ്റ്റ് ഓഫീസിനു സമീപം കൺവൻഷൻ നടക്കും. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് പ്രസിഡന്റും യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ് രക്ഷാധികാരിയുമായ റവ. തോമസ് ഫിലിപ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വർഗീസ് ഏബ്രഹാം (രാജു മേത്ര), എബി ജോർജ്, പി. ജെ. ജീവൻസ് (മീനങ്ങാടി), സഹോദരിമാരായ ഷീലാദാസ്, ലില്ലിക്കുട്ടി ശമുവേൽ, സിന്ധു ഗിരിജൻ എന്നിവർ പ്രസംഗിക്കും. കോട്ടയം സ്പിരിചൽ ട്രംപറ്റ് ഗാനശുശ്രൂഷ നിർവഹിക്കും. സഹോദരിമാരായ അന്നമ്മ പത്രൊസ്, മോളി ജോസ് എന്നിവർ കോ-ഓർഡിനേറ്റേഴ്സായി പ്രവർത്തിക്കുന്നു.

# ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ്

## ജനറൽ കൺവെൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു.

**ചിങ്ങവനം:** ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവെൻഷൻ ജനുവരി 9 ബുധൻ മുതൽ 13 ഞായർ വരെ ചിങ്ങവനം ബെഥേസ്ഥ നഗറിൽ നടക്കും. 9 നു വൈകിട്ട് 6 മണിക്ക് സഭാ പ്രസിഡന്റ് പാസ്റ്റർ വി.എ തമ്പി കൺവെൻഷൻ ഉൽഘടനം ചെയ്യും. പാസ്റ്റേഴ്സ് ടി.ജെ ശാമുവേൽ (പുനലൂർ), ഷിബു തോമസ് (U S A), ബാബു ചെറിയാൻ (പിറവം), ആർ.എബ്രഹാം (ന്യൂ ഡൽഹി), ജേക്കബ് മാത്യു, അനീഷ് തോമസ്, പ്രിൻസ് തോമസ്, ബിജു തമ്പി തുടങ്ങിയവർ രാത്രി യോഗങ്ങളിൽ പ്രസംഗിക്കും.

പാസ്റ്റേഴ്സ് നൂർദിൻ മുള്ള (ബൽഗാം), റെജി കുര്യൻ (ദോഹ), മാർട്ടിൻ ഫിലിപ്പ് (ഗോവ), ബിനു തമ്പി (കൽക്കട്ട) തുടങ്ങിയവർ പകൽ യോഗങ്ങളിൽ പ്രസംഗിക്കും. വെള്ളിയാഴ്ച 2 മണിക്ക് സിസ്റ്റർ മറിയാമ്മ തമ്പിയുടെ നേതൃത്വത്തിൽ നടക്കുന്ന സഹോദരി സമ്മേളനത്തിൽ സിസ്റ്റർ പത്മ മുതലിയാർ പ്രസംഗിക്കും. ശനിയാഴ്ച രാവിലെ 11 മണിമുതൽ നടക്കുന്ന വൈ.പി.സി.എ. സണ്ടേസ്കൂൾ സംയുത വാർഷിക സമ്മേളനത്തിലും ഉച്ചക്ക് 2 മുതൽ നടക്കുന്ന യുവജന സമ്മേളനത്തിലും പാസ്റ്റർ അനീഷ് ഏലപ്പാറ ദൈവവചനം ശുശ്രുഷിക്കുകയും സിസ്റ്റർ പ്രെസിസ് ജോൺ ആരാധനക്ക് നേതൃത്വം നൽകുകയും ചെയ്യും. ക്രൈസ്റ്റ് ഫോർ ഇന്ത്യ സിംഗേഴ്സ് ഗാനശുശ്രുഷക്ക് നേതൃത്വം നൽകും.

പാസ്റ്റർ വി.എ തമ്പി ചെയർമാനായും പാസ്റ്റർ ബോബൻ തോമസ് ജനറൽ കൺവീനറായുമുള്ള കൺവെൻഷൻ കമ്മറ്റി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു. പാസ്റ്റർ സജു കെ. ജോസഫ് ( പ്രാർത്ഥന), പാസ്റ്റർ ടി.എം കുരുവിള (പ്രോഗ്രാം), പാസ്റ്റർ റെജി പി. കുരുവിള (കൊയർ), പാസ്റ്റർ രാജേഷ് സി. (മീഡിയ), പാസ്റ്റർ സിജി എബ്രഹാം ( അക്കോമഡേഷൻ), പാസ്റ്റർ ഷിബു മാത്യു (ഭക്ഷണം), പാസ്റ്റർ റെജി എം. വർഗീസ് (ലൈറ്റ് & സൗണ്ട്), പാസ്റ്റർ ലിജോ കെ. ജോസഫ് (വോളണ്ടിയേഴ്സ് ), പാസ്റ്റർ സോണി പി. വി (സ്റ്റേജ്), പാസ്റ്റർ ജഗ്ഗി കുര്യാക്കോസ് ( റിസപ്ഷൻ), പാസ്റ്റർ ഷാജി ജേക്കബ് ( കർതൃമേശ), പാസ്റ്റർ എബ്രഹാം തോമസ് (സ്തോത്രകാഴ്ച), പാസ്റ്റർ എബ്രഹാം ചാക്കോ (കമ്മ്യൂണിക്കേഷൻ), ബ്രദർ മജു പുന്നൂസ് (ട്രാൻസ്പോർട്ടേഷൻ), ബ്രദർ ചാക്കോ പി. കെ. (പന്തൽ), ബ്രദർ ഐപ്പ് കുര്യൻ (വാട്ടർ & വെയ്സ്റ് വാട്ടർ), പാസ്റ്റർ വർഗീസ് ടി.വി (ക്ലീനിങ് ) തുടങ്ങിയവർ കമ്മറ്റി ചെയർമാൻമാരായി പ്രവർത്തിക്കുന്നു.





# അഞ്ജലി പോളിന്റെ പിതാവും സഹോദരനും സ്നാനമേറ്റു

**പന്തളം:** കഴിഞ്ഞ ഓഗസ്റ്റ് 9-നു വാഹനാപകടത്തിൽ മരണമടഞ്ഞ സുവിശേഷക സിസ്റ്റർ അഞ്ജലി പോളിന്റെ പിതാവ് ചാരുംമൂട്ടിൽ തോമസ് വർഗീസ് ഒക്ടോബർ 6-ന് സ്നാനമേറ്റു. മകളുടെ പെന്തക്കോസ്തു വിശ്വാസപാത സ്വീകരിച്ച് വിശ്വാസ സ്നാനം ഏൽക്കുവാൻ അദ്ദേഹം തീരുമാനിക്കുകയായിരുന്നു. പന്തളത്തെ സഭയുടെ ചുമതലയിൽ പാസ്റ്റർ ബേബി ക്കുട്ടി (എറണാകുളം) സ്നാന ശുശ്രൂഷ നിർവഹിച്ചു. മറ്റ് ഏഴുപേർ കൂടി വർഗീസിനോടൊപ്പം സ്നാനപ്പെട്ടു. മകളുടെ മരണത്തിനു ശേഷം മരുമകനും അപ്പോസ്തലിക് സഭയുടെ ജനറൽ സെക്രട്ടറിയുമായ പാസ്റ്റർ ജിജോ ഏബ്രഹാമിനൊപ്പമായിരുന്നു തോമസ് വർഗീസ് താമസിച്ചിരുന്നത്. സത്യ സുവിശേഷത്തിന്റെ കാവലാളായി ജീവിതാന്ത്യം വരെ പോരാടിയ സിസ്റ്റർ അഞ്ജലി പോളിന്റെ സഹോദരൻ ജിനു വർഗീസും പിന്നീട് യേശുവിന്റെ സാക്ഷിയായി വിശ്വാസ സ്നാനമേറ്റു.

## ഐപിസി പുതുപ്പള്ളി സെന്റർ കൺവൻഷൻ

**പുതുപ്പള്ളി:** ഐപിസി പുതുപ്പള്ളി സെന്റർ 30-ാമത് കൺവൻഷൻ 2018 ഡിസംബർ 12-16 വരെ മാങ്ങാനം ചക്കിട്ടുതറ ഗ്രൗണ്ടിൽ നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ പി.എ. മാത്യു ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ സി.സി. ഏബ്രഹാം, സണ്ണി കുര്യൻ, ബാബു ചെറിയാൻ, കെ.ജെ. തോമസ്, വർഗ്ഗീസ് ഏബ്രഹാം, ഷാജി എം. പോൾ എന്നിവർ വിവിധ സെക്ഷനുകളിൽ വചനം ശുശ്രൂഷിക്കും. ബേർശേബാ ഗോസ്പൽ വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും.

## ബൈബിൾ ബിലിവേഴ്സ് അസംബ്ലി

**വാഗമൺ:** ബൈബിൾ ബിലിവേഴ്സ് അസംബ്ലിയുടെ ആത്മമാരി ഉപവാസപ്രാർത്ഥനയും സുവിശേഷയോഗവും നവംബർ 1 മുതൽ 11 വരെ സയോൺ വർഷിപ് സെന്ററിൽ നടക്കും. പാസ്റ്റർമാരായ ഈശ്വരൻ, എസ്.ആർ. മോഹൻ, തോമസ് ഫിലിപ്, ജോൺ രവി, വിനോദ്, ബിൻസി ഇമ്മാനുവേൽ, അഭയകുമാർ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ജോൺ മാർട്ടിൻ നേതൃത്വം നൽകും.

## നിത്യതയിൽ

### പി.എം. ആന്റണി

**കട്ടപ്പന ചപ്പാത്ത്:** ഹൈറേഞ്ചിലെ ആദ്യകാല പെന്തക്കോസ്തു വിശ്വാസികളിൽ ഒരാളായിരുന്ന കരുന്തരുവി പുത്തൻപുരയ്ക്കൽ പി. എം. ആന്റണി (93) നിത്യതയിൽ ചേർക്കപ്പെട്ടു.



ആറു ദശകങ്ങളിൽ അധികമായി ഹൈറേഞ്ചിന്റെ വിവിധ ഇടങ്ങളിൽ ദൈവസഭയുടെ പ്രവർത്തനങ്ങൾക്കും, വളർച്ചക്കും, നിരവധി സഭകൾ സ്ഥാപിക്കുന്നതിലും തന്നാലാവും വിധം നേതൃത്വം വഹിക്കുവാൻ, കർത്താവ് ഇടയാക്കി. ചപ്പാത്ത് ഇന്ത്യ പൂർണ സുവിശേഷ ദൈവസഭാംഗമാണ്. 9 മക്കളും, 21 കൊച്ചുമക്കളും, അവരുടെ 9 ചെറുമക്കളും ഉൾപ്പടെ അനുഗ്രഹിക്കപ്പെട്ട ഒരു ജീവിതത്തിനു തിരശീല വീഴുമ്പോൾ ഒരു യുഗത്തിനാണ് അന്ത്യമാകുന്നത്.

സംസ്കാരം ഒക്ടോബർ 16 ന് ചപ്പാത്ത് ചർച്ച് ഓഫ് ഗോഡ് സഭാസെമിത്തേരിയിൽ നടത്തി. ഭാര്യ: പരേതയായ മറിയാമ്മ ആന്റണി. മക്കൾ: മോളി, മേരി, പാസ്റ്റർ ജോസ് പി ആന്റണി (IPC ന്യൂപൻവേൽ), സണ്ണി, മോനമ്മ, ജെസ്സി, മിനി, ബ്ലസ്സി, സിനി. മരുമക്കൾ കുഞ്ഞച്ചൻ തട്ടാരത്ത്, അച്ചൻകുഞ്ഞ് കുറ്റിപ്പുറത്ത്, ഗ്രേസി, മോളി, ജോസ് കൊരട്ടിയിൽ, പാസ്റ്റർ ഷാജി ജോസഫ് (IPC ബാംഗ്ലൂർ),പാസ്റ്റർ റ്റി എ എബ്രഹാം തച്ചിരിക്കൽ (CFI ചണ്ഡീഗഡ്), പാസ്റ്റർ അനി ചാക്കോ ചാലാശ്ശേരിയിൽ (COG ഒറവയ്ക്കൽ), കൊച്ചുമോൻ തോപ്പിൽ.



# പാസ്റ്റർ ആർ. റസ്സാലത്തെ ആദരിച്ചു

**ആര്യനാട്:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവും ഇറവൂർ എ.ജി. ചർച്ച് ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ ആർ. റസ്സാലത്തെ അസംബ്ലീസ് ഓഫ് ഗോഡ് ആര്യനാട് സെക്ഷൻ ആദരിച്ചു. 60 വർഷത്തെ സഭാശുശ്രൂഷ പൂർത്തിയാക്കിയതിനാണ് അദ്ദേഹത്തെ ആദരിച്ചത്. ഒക്ടോബർ 7-ന് പറണ്ടോട് സഭയിൽ നടന്ന യോഗത്തിൽ അഖിലേന്ത്യ എ.ജി. ജനറൽ സെക്രട്ടറി പാസ്റ്റർ ടി.ജെ. സാമുവേൽ മുഖ്യ പ്രഭാഷണം നടത്തുകയും പാസ്റ്റർ റസ്സാലത്തിന് മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. പാസ്റ്റർ റസ്സാലം മറുപടി പ്രസംഗം നടത്തി. സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ സ്റ്റ്യുവർട്ട് ടി.എസ് അധ്യക്ഷത വഹിച്ചു. 1961-ൽ സഭാ സുശ്രൂഷയിൽ പ്രവേശിച്ച പാസ്റ്റർ റസ്സാലം പറണ്ടോട്, ആര്യനാട്, ഇറവൂർ എന്നീ സഭകളിലാണ് സേവനം അനുഷ്ഠിച്ചത്. എ.ജി. ദക്ഷിണ മേഖല ഡയറക്ടർ, നെടുമങ്ങാട്-ആര്യനാട് സെക്ഷനുകളുടെ പ്രസ്ബിറ്റർ, എ.ജി. മലയാളം ഡിസ്ട്രിക്ട് കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. സഭാ ശുശ്രൂഷയിൽ നിന്നും വിരമിച്ചെങ്കിലും സുവിശേഷപ്രവർത്തനങ്ങളിൽ തുടരുമെന്ന് പാസ്റ്റർ റസ്സാലം പറഞ്ഞു.


അനിൽ കൊടിത്തോട്ടം


അനീഷ് ഏലപ്പാറ


കെ.ജെ.തോമസ്


അജി ആന്റണി

# ചർച്ച് ഓഫ് ഗോഡ് കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ

**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ നവംബർ 29 മുതൽ ഡിസംബർ 2 വരെ മാങ്ങാനം മന്ദിരം പീടികയിൽ മൈതാനത്തു നടക്കും. ഡിസ്ട്രിക്ട് പാസ്റ്റർ വി.പി.തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം, അനീഷ് ഏലപ്പാറ, കെ.ജെ.തോമസ് കുമളി, അജി ആന്റണി എന്നിവർ പ്രസംഗിക്കും. ഡിസംബർ 2-നു സംയുക്ത ആരാധനയ്ക്കു ഓവർസീയർ പാസ്റ്റർ സി.സി.തോമസ് മുഖ്യസന്ദേശം നൽകും.

ചെങ്ങന്നൂർ ക്രൈസ്റ്റ് സിംഗേഴ്സ് ഗാനശുശ്രൂഷ നിർവഹിക്കും. പബ്ലിസിറ്റി കൺവീനർമാരായി പാസ്റ്റർ പി.എ. രാജൻ, പാസ്റ്റർ ശശിധരൻ എം.എം. എന്നിവർ പ്രവർത്തിക്കുന്നു.

# സണ്ടേസ്ക്കൂൾ ലീഡേഴ്സ് മീറ്റ്

**തിരുവല്ല:** ശാരോൻ ഫെലോഷിപ് ചർച്ച് സണ്ടേസ്ക്കൂൾ അസോസിയേഷന്റെ നേതൃത്വ സമ്മേളനം ഒക്ടോബർ 16-ന് തിരുവല്ല ബിലിവേഴ്സ് യൂത്ത് സെന്ററിൽ നടന്നു. ഡയറക്ടര പാസ്റ്റർ ഏബ്രഹാം മന്ദമരുതി അധ്യക്ഷത വഹിച്ചുആ സണ്ടേസ്ക്കൂളും ആധുനിക കാലവും എന്ന വിഷയത്തെ ആസ്പദമാക്കി സുവി.ജോബി കെ.സി. ക്ലാസ്സെടുത്തു. സണ്ടേസ്ക്കൂൾ എക്സിക്യുട്ടീവ്, ജനറൽ കമ്മിറ്റി അംഗങ്ങൾ, കേരളത്തിലെ 60 സെക്ഷനുകളിൽ നിന്നുള്ള ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. ജനറൽ സെക്രട്ടറി റോഷി തോമസ്, ജറനൽ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.




2018 NOVEMBER
VOL. 3, ISSUE-11
Posted at RMS CHANGANACHERY

CHRISTIAN FOCUS MONTHLY
Karukachal P.O., Kottayam Dist., Kerala-686 540
Phone: 0481 2488449, 09562247565, 08606695830
Annual subscription ₹ 120/- only

P.B. NO: 10
KARUKACHAL P.O.
KOTTAYAM, KERALA
PIN : 686 540
E-mail: christianfocusira@gmail.com

# ആസിയ ബീബിയുടെ മോചനത്തിനെതിരെ പാക്കിസ്ഥാനിൽ വൻ പ്രതിഷേധം







ആസിയ ബീബി

**ലാഹോർ:** മതനിന്ദയുടെ പേരിൽ മരണശിക്ഷ കാത്ത് 8 വർഷത്തോളമായി ഏകാന്ത തടവിൽ കഴിയുന്ന പാക്കിസ്ഥാനിലെ ക്രിസ്ത്യൻ വനിത ആസിയ ബീബിയുടെ മോചനത്തിനെതിരെ തീവ്രവാദ രാഷ്ട്രീയ പാർട്ടികളുടെയും മുസ്ലീം സംഘടനകളുടെയും ശക്തമായ പ്രതിഷേധം. ആസിയ ബീബിയെ മോചിപ്പിക്കാനുള്ള പാക്ക് സുപ്രീം കോടതിയുടെ വിധിക്കെതിരെയാണ് പാക്കിസ്ഥാനിലെങ്ങും പ്രതിഷേധവും കലാപവും നടക്കുന്നത്.

ആസിയയുടെ വധശിക്ഷ റദ്ദാക്കിയ സുപ്രീം കോടതിക്കെതിരെയാണ് മുഖ്യമായും പ്രതിഷേധം ഉയരുന്നത്. വിധിക്കെതിരെ പാക്കിസ്ഥാനിലെ പ്രധാന നഗരങ്ങളിൽ പ്രകടനങ്ങൾ നടത്തുകയും പലയിടത്തും പോലീസുമായി ഏറ്റുമുട്ടുകയുമുണ്ടായി. വിധി പ്രസ്താവിച്ച ചീഫ് ജസ്റ്റിസ് ഉൾപ്പടെയുള്ള ജഡ്ജിമാർക്കു നേരെ വധഭീഷണിയും പ്രതിഷേധക്കാർ ഉയർത്തുന്നുണ്ട്. തെഹ്റീക് ലബൈക്ക് (ടിഎൽപി) എന്ന പ്രമുഖ ഇസ്ലാമിക് സംഘടന മൂന്നു ദിവസത്തെ തുടർച്ചയായ ബന്ദാണ് നടത്തിയത്. 2009-ലാണ് കേസിനാസ്പദമായ സംഭവം. മുസ്ലീംകൾ വെള്ളം കോരുന്ന കിണറ്റിൽ നിന്നു വെള്ളം കോരി കുടിച്ചു എന്ന കുറ്റം ആരോപിച്ചാണ് നാലു കുട്ടികളുടെ അമ്മയായ ആസിയയെ അറസ്റ്റു ചെയ്തത്. എന്നാൽ അയൽക്കാരുമായുള്ള സംഭാഷണത്തിനിടെ ഇസ്ലാമിനെ (പ്രവാചകനെ) നിന്ദിച്ചു എന്ന കുറ്റമായി കേസ് മാറി. 2010-ൽ കുറ്റം കോടതിയിൽ തെളിയിക്കപ്പെടുകയും മതനിന്ദാ നിയമപ്രകാരം ആസിയ കുറ്റക്കാരിയെന്നു കോടതി വിധിക്കുകയുമാണുണ്ടായത്. അന്നു മുതൽ ആസിയ പാക്കിസ്ഥാനിലെ മുൾട്ടാനിൽ ഏകാന്ത തടവിൽ നരക യാതന അനുഭവിക്കുകയാണ്. പാക്കിസ്ഥാനിലെ മുൻ സൈനിക ഏകാധിപതി സിയാ ഉൾ ഹഖാണ് 1980-ൽ മതനിന്ദാ നിയമം കൊണ്ടുവന്നത്. ഈ നിയമമനുസരിച്ച് കുറ്റക്കാരനെന്നു തെളിഞ്ഞാൽ വധശിക്ഷയാണു നൽകുക

അതേസമയം, മതിയായ തെളിവുകളില്ലാതെ വ്യക്തിപരമായ പക തീർക്കാൻ മതനിന്ദാ നിയമം രാജ്യത്ത് വ്യാപകമായി ഉപയോഗിക്കുന്നതായുള്ള പരാതിയും പൊതുവെയുണ്ട്. താൻ നിരപരാധിയാണെന്നും തന്നെ കള്ളക്കേസിൽ പെടുത്തിയതാണെന്നും ആസിയ ബീബി പറഞ്ഞിരുന്നു. ഏതായാലും ആസിയയുടെ ശിക്ഷ റദ്ദാക്കുന്നതിനും ജയിൽ മോചനം ലഭ്യമാക്കുന്നതിനും വേണ്ടി ലോകത്തിന്റെ എല്ലാ കോണിൽ നിന്നുള്ള നിരന്തരമായ നിയമ പോരാട്ടങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമായി ആസിയയുടെ വധശിക്ഷ പാക് സുപ്രീം കോടതി റദ്ദുചെയ്യുമെന്ന് മാധ്യമ റിപ്പോർട്ടുകളുണ്ട്.

## അസ്സംബ്ലീസ് ഓഫ് ഗോഡ് നോർത്തേൺ ഡിസ്ട്രിക്ട് കോൺഫറൻസ്

**ലക്നൗ(യുപി):** നോർത്തേൺ ഡിസ്ട്രിക്ട് കൗൺസിൽ ഓഫ് എ.ജി. എൻ.ഐയുടെ 13-ാമത് ദ്വിവത്സര വാർഷിക കോൺഫറൻസ് സെപ്റ്റംബർ 26,27 തീയതികളിൽ ഡയമണ്ട് റിസോർട്ടിൽ നടന്നു. പാസ്റ്റർ പാപ്പി മത്തായി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ റോബർട്ട് ജയരാജ് (ജനറൽ സൂപ്രണ്ട്,എജിഎൻഐ), പാസ്റ്റർ രാജൻ ഫിലിപ് (ന്യൂയോർക്ക്), പാസ്റ്റർ സുഭാഷ് എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്ട് കൗൺസിലിലേക്ക് സൂപ്രണ്ടായി പാസ്റ്റർ ഷാജി വർഗീസും സെക്രട്ടറിയായി പാസ്റ്റർ സി.പി. രാജുവും തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ ലോറൻസ് ജോസഫ് (അസി.സൂപ്രണ്ട്), പാസ്റ്റർ ആഷേർ വാസ്കർ (ട്രഷറർ), പാസ്റ്റർ ബർന്നബാസ് സോരൻ, പാസ്റ്റർ കല്യാൺ കുമാർ (കമ്മിറ്റിയംഗങ്ങൾ) എന്നിവരാണ് മറ്റു ഭാരവാഹികൾ.

## ഉപവാസ പ്രാർത്ഥന

**ഗുജറാത്ത്:** മെഹ്സാന ശാരോൻ ഫെലോഷിപ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 15 മുതൽ 21 വരെ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർമാരായ വർഗീസ് പി. ഏബ്രഹാം, ബിനു ഇളംപള്ളിൽ, ജോൺ സാമുവേൽ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ജെ.പി. വെണ്ണിക്കുളം നേതൃത്വം നൽകി.




## ക്രിസ്ത്യാനികളെ സംരക്ഷിക്കുന്ന ഏകരാജ്യം യിസ്രായേൽ:

### ബെഞ്ചമിൻ നെതന്യാഹു

**യെരുശലേം:** പശ്ചിമേഷ്യയിൽ ക്രൈസ്തവർക്ക് സംരക്ഷണം നൽകുന്ന ഏക രാജ്യം യിസ്രായേലാണെന്നു പ്രസിഡന്റ് ബെഞ്ചമിൻ നെതന്യാഹു. എല്ലാ മനുഷ്യാവകാശങ്ങളെയും സംരക്ഷിക്കുന്ന ഒരു രാഷ്ട്രമാണ് യിസ്രായേൽ. ക്രൈസ്തവരെയും അവരുടെ മതപരമായ എല്ലാ അവകാശങ്ങളെയും സംരക്ഷിക്കുന്നു. ലോകത്തിൽ ക്രിസ്തീയ സുഹൃത്തുക്കളെക്കാൾ നല്ല സുഹൃത്തുക്കൾ ഞങ്ങൾക്കില്ല. ഒക്ടോബർ 14-നു യെരുശലേമിൽ നടന്ന ക്രൈസ്തവ മാധ്യമ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവർക്കും യെഹൂദർക്കും വിശുദ്ധ സ്ഥലമായ ബേത്ലെഹേമിൽ പോലും പലസ്തീൻ ഭരണകൂടം വലിയ അതിക്രമങ്ങളാണ് നടത്തുന്നത്. നേരത്തെ 80 ശതമാനം ക്രൈസ്തവർ ഉണ്ടായിരുന്ന ബേത്ലെഹേമിൽ ഇന്ന് 20 ശതമാനമായി കുറഞ്ഞെന്നും നെതന്യാഹു ചൂണ്ടിക്കാട്ടി.




*Printed and published by Sabu M. Joseph on behalf of India Revival Assembly Trust. Printed at Mangalam Publications (India) Pvt.Ltd., S.H. Mount P.O., Kottayam-686006, Kerala Published from IRA Head Office, Karukachal P.O., Kottayam Dist., Kerala-686 540. Editor: Varghese P. Joseph. Layout & Design: Press Graphix, Sulthan Bathery @ 9744686596*